25. പ്രത്യേക അനുമതി

12.15 PM]

ശ്രീ. സി. മോയിൻകുട്ടി: സർ, വളരെ ഗൗരവതരമായ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പെർമിസീവ് സാംഗ്ഷനുവേണ്ടിയുള്ള അപേക്ഷയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കാലവർഷക്കെടുതിമൂലം വമ്പിച്ച തോതിലുള്ള കൃഷിനാശമാണ് ഉണ്ടായിരിക്കുന്നത്; എന്റെ മണ്ഡലത്തെ സംബന്ധിച്ചിടത്തോളം പതിനായിരക്കണക്കിന് വാഴകൃഷി നടത്തുന്ന സ്ഥലമാണ്. മുൻകൂർ പാട്ടം അടച്ചിട്ടാണ് വാഴകൃഷി നടത്തുന്നത്. വളരെ പരിമിതമായ തുകമാത്രമാണ് സർക്കാരിൽനിന്ന് നഷ്ടപരിഹാരമായി ലഭിക്കുന്നത്. അത് വളരെ പരിതാപകരമാണ്, കൊടുക്കുന്ന സംഖ്യപോലും പറയാൻ കഴിയില്ല. കൊടുക്കുന്ന തുകതന്നെ കൃത്യ സമയത്ത് കൊടുക്കാനും സാധിക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന പഞ്ചായത്ത് വകുപ്പുമന്ത്രി, ഫണ്ടുള്ള പഞ്ചായത്തിൽ, മാനദണ്ഡത്തിന് വിധേയമായി, വ്യവസ്ഥാപിതമായി ആവശ്യമായ നഷ്ടപരിഹാരം, ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി നൽകാനുള്ള പെർമിസീവ് സാംഗ്ഷൻ നൽകണമെന്നുള്ളതാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

12.16 PM]

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കേരള നിയമസഭ പാസ്സാക്കിയ 1994-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ദുരിതാശ്വാസകേന്ദ്രങ്ങൾ പാലിക്കുക എന്നതൊഴിച്ച്, പ്രകൃതിക്ഷോഭങ്ങൾ, ദുരന്തനിവാരണം എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നില്ല. പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും നേരിടാൻ തക്ക സംവിധാനങ്ങൾ പഞ്ചായത്തുകൾക്കില്ലാത്തതിനാലാണ് ആകട്ടിൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽനിന്നും ദുരന്ത നിവാരണം ഉൾപ്പെടുത്താത്തതെന്നകാര്യം സ്പഷ്ടമാണ്. ദുരന്തങ്ങളും പ്രകൃതി ക്ഷോഭങ്ങളുമുണ്ടാകുന്ന സാഹചര്യങ്ങളിൽ അത്യാവശ്യ ഇടപെടൽ നടത്തുകയും മാറ്റിപ്പാർപ്പിക്കുകയും ദുരിതാശ്വാസ കേന്ദ്രങ്ങൾ സജ്ജീകരിക്കുകയും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് തുടങ്ങിയ വിവിധ വകുപ്പുകളെ ഏകീകരിച്ച് ഫലപ്രദമായ നടപടികൾ കൈക്കൊള്ളുകയും മറ്റ് ആനുകൂല്യങ്ങൾ അടക്കമുള്ളകാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നത് റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പുകളാണ്. ഇതുയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുവാനുള്ള സംവിധാനം ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്കില്ല. വീടുകൾ നിർമ്മിക്കുന്നതിനും മറ്റും വിവിധ പദ്ധതികളുടെ കീഴിൽ ഗ്രാമപഞ്ചായത്തുകൾ ധനസഹായം നൽകിവരുന്നുണ്ട്. ദുരന്തനിവാരണം അനിവാര്യമായ ചുമതലയായി പഞ്ചായത്തിരാജ് ആക്ടിൽ ഉൾക്കൊള്ളിക്കാത്തതു കൊണ്ട് പ്രകൃതിക്ഷോഭങ്ങൾമൂലമുണ്ടാകുന്ന കൃഷി-പാർപ്പിട നാശത്തിന് അടിയന്തര ധനസഹായം അനുവദിക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നില്ല. കാരണം, ഒരാക്ടിന്റെ വെളിച്ചത്തിലാണ് പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്, ആക്ടിന് വിരുദ്ധമായ നടപടികൾ എടുക്കാൻ പഞ്ചായത്തുകൾക്ക് ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്.

26. ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

12.17 PM]

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാന കേന്ദ്രമായ അങ്കമാലിയിലുള്ള സി.എച്ച്.സി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് താലൂക്കാശുപത്രിയായി മാറ്റിയിട്ട് 5 വർഷം കഴിഞ്ഞു. സി.എച്ച്.സി.-ക്കു വേണ്ട പോസ്റ്റുപോലും അവിടെ വേക്കന്റായി കിടക്കുകയാണ്. 5 അസിസ്റ്റന്റ് സർജൻ വേണ്ട സ്ഥാനത്ത്, സി.എച്ച്.സി.-യുടെ കാൽക്കുലേഷൻവച്ച് നോക്കുമ്പോൾ 2 പേർ മാത്രമേയുള്ളൂ. അതിൽ ഒരാൾ ഇൻ-ചാർജ്ജാണ്. ഈ സ്ഥിതി പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 വർഷം മുമ്പെടുത്ത നടപടിക്ക് ഇതുവരെയും തുടർനടപടി ഉണ്ടായിട്ടില്ല. 8 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾക്കൊള്ളുന്ന ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ്. 5 വർഷം കഴിഞ്ഞിട്ടും യാതൊന്നും അവിടെ ചെയ്യുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നടപടിയാണെന്ന് പറഞ്ഞ് മാറ്റിവയ്ക്കാതെ അടിയന്തരമായി താലൂക്കാശുപത്രിക്ക് വേണ്ട സ്റ്റാഫ് പാറ്റേൺ നിയോഗിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

12.18 PM]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 7/2011-ൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി താലൂക്കാശുപത്രിയുടെ നിലവിലുള്ള കിടക്കകളുടെ എണ്ണം 41 ആണ്. പ്രതിദിന ശരാശരി ഒ.പി. 355-ഉം, ഐ.പി. 15-ഉം ആണ്. ഈ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ 2 തസ്തികകൾ ഉൾപ്പെടെ 8 ഡോക്ടർമാരുടേയും എൻ.എച്ച്.എം.

LIBRARY ARCHIVES Kerala Legislative Assembly